പത്രക്കുറിപ്പ്

# ബൈക്ക് മോഷണം: മൂന്നുപേർ പിടിയിൽ

# വധശ്രമക്കേസ്- പ്രതി അറസ്റ്റിൽ

# അനധികൃത വിദേശ മദ്യവിൽപ്പന: സ്ത്രീ പിടിയിൽ

# കോവിഡ്-19

# വിലക്ക് ലംഘനം: 151 പേർക്കെതിരെ നിയമ നടപടി 26,200/- രൂപ പിഴ ഈടാക്കി

തിരുവനന്തപുരം:- ബീമാപള്ളി ആസാദ് നഗറിൽ നിന്നും ബൈക്ക് മോഷണം നടത്തിയ മൂന്നുപേരെ പോലീസ് പിടികൂടിയതായി ഐ.ജി.പി-യും സിറ്റി പോലീസ് കമ്മീഷണറുമായ ബൽറാംകുമാർ ഉപാദ്ധ്യായ അറിയിച്ചു. ബീമാപള്ളി പുതുവൽപുരയിടത്തിൽ സാജിത്ഖാൻ (20), വർക്കല മേൽവെട്ടൂർ സബിമോൾ മൻസിലിൽ മുഹമ്മദ് സജാദ് (18), വർക്കല മേൽവെട്ടൂർ മുംതാസ് മൻസിലിൽ മുബാരക് (20) എന്നിവരെയാണ് പൂന്തുറ പോലീസ് അറസ്റ്റ് ചെയ്തത്. ബീമാപള്ളി ആസാദ് നഗറിൽ മസൂദ് എന്നയാളുടെ പൾസർ ബൈക്കാണ് പ്രതികൾ മോഷ്ടിച്ചത്. കഴിഞ്ഞ 1-ാം തീയതി മസൂദിന്റെ വീട് പാലുകാച്ച് ദിവസം രാത്രി വീടിന് പുറത്ത് ബൈക്ക് പൂട്ടി

വച്ചിരിക്കുകയായിരുന്നു. അടുത്ത ദിവസം രാവിലെ ബൈക്ക് കാണാത്തതുകൊണ്ട് പോലീസിൽ പരാതി നൽകി. തുടർന്ന് പോലീസ് നടത്തിയ




പൂന്തുറ പോലീസ് അറസ്റ്റ് ചെയ്ത
മുഹമ്മദ് സജാദ്(18) സാജിത്ഖാൻ(20) മുബാരക്(20)

അന്വേഷണത്തിൽ ലഭിച്ച സൂചനകളുടെ അടിസ്ഥാനത്തിൽ കഴക്കൂട്ടം മേനംകുളത്ത് നിന്നാണ് ബൈക്കുമായി പ്രതികളെ പിടികൂടിയത്. പൂന്തുറ എസ്.എച്ച്.ഒ സജികുമാർ, എസ്.ഐ ബിനു എന്നിവരുടെ നേതൃത്വത്തിലുള്ള പോലീസ് സംഘമാണ് പ്രതികളെ അറസ്റ്റ് ചെയ്തത്.

## വധശ്രമക്കേസ് –പ്രതി അറസ്റ്റിൽ

നേമം സ്വദേശികളായ രാജീവ്, സുജിത് എന്നിവരെ വെട്ടിക്കൊലപ്പെടുത്താൻ ശ്രമിച്ച കേസിലെ പ്രതി പിടിയിലായതായി ഐ.ജി.പിയും സിറ്റി പോലീസ് കമ്മീഷണറുമായ ബൽറാംകുമാർ ഉപാദ്ധ്യായ അറിയിച്ചു. പഴയ കാരക്കാമണ്ഡപം താന്നിവിള പുത്തൻ വീട്ടിൽ പ്രവീൺ(30) നെയാണ് നേമം പോലീസ് അറസ്റ്റ് ചെയ്തത്. ജൂൺ 10–നായിരുന്നു കേസിനാസ്പദമായ സംഭവം നടന്നത്. ഈ കേസിലെ മറ്റു പ്രതികളായ പ്രദീപ്, നിഷാദ് എന്നിവരെ പോലീസ് നേരത്തെ പിടികൂടിയിരുന്നു. സംഭവത്തിനു ശേഷം ഒളിവിൽ പോയ പ്രവീണിനെ നേമം എസ് എച്ച് ഓ അനൂപ് കൃഷ്ണ യുടെ നേതൃത്വത്തിലുള്ള പോലീസ് സംഘമാണ് ഇന്നലെ പിടികൂടിയത്

## അനധികൃത വിദേശ മദ്യവിൽപ്പന സ്ത്രീ പിടിയിൽ

വിദേശമദ്യം അനധികൃതമായി വീട്ടിൽ സൂക്ഷിച്ചു വിൽപ്പന നടത്തിവന്ന സ്ത്രീയെ പൂജപ്പുര പോലീസ് അറസ്റ്റ് ചെയ്തതായി ഐ.ജി.പിയും സിറ്റി പോലീസ് കമ്മീഷണറുമായ ബൽറാംകുമാർ ഉപാദ്ധ്യായ അറിയിച്ചു. തിരുമല കൈരളി നഗറിൽ ദേവപ്രയാഗ് വീട്ടിൽ പുഷ്കാന്തിയാണ് പിടിയിലായത്. ഇവരിൽ നിന്നും 4.25 ലിറ്റർ വിദേശമദ്യം പിടിച്ചെടുത്തു. പൂജപ്പുര പോലീസിന് ലഭിച്ച രഹസ്യവിവരത്തെ തുടർന്ന് നടത്തിയ റെയ്ഡിലാണ് പ്രതി പിടിയിലായത്.

## കോവിഡ്–19 കേസ് വിവരം

നഗരത്തിലെ കോവിഡ് രോഗവ്യാപനത്തിന്റെ തീവ്രത കണക്കിലെടുത്ത് തിരുവനന്തപുരം സിറ്റി പോലീസ് ഇന്നലെ (09–10–2020) നടത്തിയ പരിശോധനയിൽ 151 പേർക്കെതിരെ നിയമ നടപടി സ്വീകരിച്ചു. മാസ്ക് ധരിക്കാതെ പൊതുസ്ഥലങ്ങളിൽ കണ്ടെത്തിയ 124 പേർക്കെതിരെയും സാമൂഹ്യഅകലം പാലിക്കാതെ കാണപ്പെട്ട 7 പേർക്കെതിരെയും മാർഗ്ഗ നിർദ്ദേശങ്ങൾ പാലിക്കാതെ സർവ്വീസ് നടത്തിയ 3 വാഹനങ്ങൾക്കെതിരെയും മാനദണ്ഡങ്ങൾ പാലിക്കാതെ പ്രവർത്തിച്ച 2 കടകൾക്കെതിരെയും നടപടി സ്വീകരിച്ചു. വിവിധ വിലക്ക് ലംഘനങ്ങൾക്ക് പിടിയിലായവരിൽ നിന്നും 26,200/– രൂപയാണ് പിഴ ഇനത്തിൽ ഈടാക്കിയത്. അതോടൊപ്പം തലസ്ഥാനത്ത് ഇന്നലെ കോവിഡ് മാർഗ്ഗ നിർദേശങ്ങൾ പാലിക്കാതെ രോഗവ്യപനം ഉണ്ടാകുന്ന തരത്തിൽ വിലക്ക് ലംഘനം നടത്തിയ 17 പേർക്കെതിരെ എപ്പിഡെമിക് ഡിസീസസ് ഓർഡിനൻസ്–2020 പ്രകാരവും കേസെടുത്തതായി കമ്മീഷണർ അറിയിച്ചു.

തിരുവനന്തപുരം സിറ്റി

09–10–2020

ഐ ജി പി & കമ്മീഷണർക്ക് വേണ്ടി

പബ്ലിക് റിലേഷൻസ് ഓഫീസർ

തിരുവനന്തപുരം സിറ്റി